DESPATCHED on 3/2/2022

10/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2304*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14179** /*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ. ജോൺസൺ പി.കെ.,**
**പനംകൂടൻ വീട്,**
**ചെട്ടിക്കുളം പി.ഒ.,**
**തൃശ്ശൂർ ജില്ല.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**സെക്രട്ടറി,**
**കോടശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ്,**
**ചട്ടിക്കുളം പി.ഒ., തൃശ്ശൂർ – 680 721.**

2. **അപ്പീൽ അധികാരി&**
**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,**
**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,**
**തൃശ്ശൂർ.** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.04.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.04.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 19.05.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14.07.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03.09.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 11.09.2014 |
| ഹിയറിംഗ് നടന്ന തീയതി | 05.01.2022, ഓഡിയോ ഹീയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജോൺസൺ പി. കെ., 03.09.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 11.09.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2304(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 03.04.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1. കോടഞ്ചേരി ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ തലവരിപ്പാറ പട്ടിക്കുളം പ്രദേശത്ത് വട്ടപ്പറമ്പൻ എന്നു വീട്ടുപേരുള്ള സ്ഥലത്ത് വാട്ടർ ടാങ്ക് പണിയുന്നുണ്ടെന്നും പ്രസ്തുത നിർമ്മാണ പ്രവർത്തനം കോടഞ്ചേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതാണോ അതോ സ്വകാര്യമായി നിർമ്മിച്ചതാണോയെന്നും

2. മേൽപ്പടി പഞ്ചായത്തുമായി ബന്ധപ്പെട്ടതാണെങ്കിൽ പ്രസ്തുത നിർമ്മാണ പ്രവർത്തന തീരുമാനത്തിന്റെ പഞ്ചായത്ത് കമ്മിറ്റി മിനിട്ട്സിന്റെ പകർപ്പ് നൽകണമെന്നും

3. പഞ്ചായത്ത് കമ്മിറ്റി തീരുമാനമാണെങ്കിൽ പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന്റെ ഗുണഭോക്തൃ കമ്മിറ്റിയുടെ പകർപ്പ് നൽകണമെന്നും

4. ഗുണഭോക്തൃ കമ്മിറ്റി യോഗം കൂടി തീരുമാനിക്കുന്നതാണെങ്കിൽ അംഗീകൃത നിർമ്മാണ എസ്റ്റിമേറ്റിന്റെ പകർപ്പ് നൽകണമെന്നു തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 29.4.14ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്,

1) കോടഞ്ചേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനമാണെന്നും
2) മിനിട്ട്സിന്റെ പകർപ്പിന് 4/- രൂപ ഫീസൊടുക്കി കൈപ്പറ്റാവുന്നതാണെന്നും
3) 8/- രൂപ ഫീസൊടുക്കി കൈപ്പറ്റാവുന്നതാണെന്നും
4) 20/- രൂപ ഒടുക്കി പകർപ്പ് കൈപ്പറ്റവുന്നതാണെന്നും
5) 3-ാം ചോദ്യത്തിന്റെ ഉത്തരം ബാധകമാണെന്നും
6) ടാങ്കിന്റെ കപ്പാസിറ്റി 32000 ലിറ്ററാണെന്നും
7) അപ്രകാരമൊരു തീരുമാനം ഇല്ലെന്നുമാണ്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 14.07.2014ന് നൽകിയ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭ്യമായില്ലെന്നറിയിച്ച് സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ ഇരുകക്ഷികളെയും വിചാരണയ്ക്ക് ഹാജരാകാൻ നിർദ്ദേശിച്ചെങ്കിലും അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. എസ്.പി.ഐ.ഒ. ഹാജരാകുകയും ഹർജിക്കാരൻ 03.04.2014ൽ സമർപ്പിച്ച അപേക്ഷയിൽ ടി ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ തലവരിപ്പാറ പ്രദേശത്ത് നിർമ്മാണ പ്രവർത്തനം നടത്തുന്ന കുടിവെള്ള പദ്ധതിയെ സംബന്ധിച്ചാണ് വിവരങ്ങൾ ആവശ്യപ്പെട്ടതെന്നും ആയതിന് ലഭ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നും മറുപടിയിൽ തീയതി രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും വിവരങ്ങളുടെ പകർപ്പ് ഉടൻതന്നെ ഹർജിക്കാരന് നൽകുന്നതാണെന്നും ബോധിപ്പിക്കുകയും ചെയ്തു. ഹർജിക്കാരന്റെ അപേക്ഷ, ആയതിനു നൽകിയ മറുപടി എന്നിവ പരിശോധിച്ചതിൽ ടിയാൻ ഉന്നയിച്ച 7 ചോദ്യങ്ങളിൽ 2-ാം ചോദ്യത്തിൽ ആവശ്യപ്പെട്ട പഞ്ചായത്ത് തീരുമാനം, തീയതി എന്നിവയും 5-ാം ചോദ്യത്തിലെ ഗുണഭോക്തൃ സമിതി അംഗങ്ങളുടെ മേൽവിലാസം എന്നിവ ലഭിച്ചിട്ടില്ലെന്നാണ് ടിയാൻ ആക്ഷേപം ഉന്നയിച്ചിട്ടുള്ളതെന്നും മറ്റു ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമാണെന്നും നിരീക്ഷിച്ചു

കൊണ്ട് മേൽപ്പടി വിവരങ്ങൾ ഹർജിക്കാരന് 10 ദിവസത്തിനകം നൽകാൻ ഉത്തരവായി അപ്പീൽ തീർപ്പാക്കിയെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖയിൽ തീയതി വയ്ക്കാതെയാണ് നൽകിയതെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ മിനിറ്റ്സിൽ പഞ്ചായത്ത് മെമ്പർമാർ ഒപ്പിടാത്ത പകർപ്പാണ് നൽകിയതെന്നും ഒന്നാം എതിർകക്ഷിയുടെ നിരുത്തരവാദപരമായ ഇത്തരം നടപടിയ്ക്ക് നിയമാനുസൃത നടപടി സ്വീകരിക്കണമെന്നുമാണ്. മൊഴിയും അനുബന്ധരേഖകളും 03.01.2022ലെ റിപ്പോർട്ടും പരിശോധിച്ചതിൽ, പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 10-ാം തീയതി ഇപ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM